പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5556 | 28.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| **അങ്കണവാടി ജീവനക്കാർ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി. പി.അയിഷാ പോറ്റി** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) തുച്ഛമായ വേതനത്തിൽ ജോലി നോക്കി വരുന്ന അങ്കണവാടി ജീവനക്കാരുടെ അധിക ജോലി ഒഴിവാക്കി കുട്ടികളുടെ സംരക്ഷണ ചുമതലയ്ക്ക് കൂടുതൽ സമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; | (എ) ഐസിഡിഎസ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ആയതിന് കീഴിലുള്ള അങ്കണവാടികളുടെ സമയക്രമം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 09.30 മുതൽ 3.30 വരെ അങ്കണവാടി പ്രവർത്തനങ്ങൾക്കും അതിനുശേഷം 5.00 മണിവരെ ഭവന സന്ദർശനവുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഐസിഡിഎസ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതല്ലാത്ത മറ്റ് പ്രവർത്തനങ്ങളിൽ അങ്കണവാടി പ്രവർത്തകരെ സാധാരണ നിയോഗിക്കാറില്ലെങ്കിലും അങ്കണവാടി നടത്തിപ്പുമായി ബന്ധപ്പെട്ട വാർഷിക സർവ്വേ, വികലാംഗ സർവ്വേ എന്നിവയ്ക്ക് അങ്കണവാടി പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് ടി ജീവനക്കാരെ ചുമതലപ്പെടുത്താറുള്ളത്. |
| (ബി) അങ്കണവാടി ജീവനക്കാർക്ക് സ്ഥലം മാറ്റത്തിന് നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുമോ? | (ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ